**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4807** **01-11-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മിനി സിവിൽസ്റ്റേഷൻ അനക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മിനി സിവിൽസ്റ്റേഷൻ അനക്സ് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നമ്പർ 730/2021/ പി.ഡബ്ല്യൂഡി തീയതി 13.08.2021 പ്രകാരം മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിനായി 1296 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം രൂപകല്പന ചെയ്യുന്നതിനുള്ള ടോട്ടൽ സ്റ്റേഷൻ സർവ്വെ ചെയ്തതിന്റെ വിവരങ്ങളും വിവിധ വകുപ്പുകളുടെ ആവശ്യങ്ങളും പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ എത്രസമയം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | ആർക്കിടെക്ച്ചർ ഡ്രോയിംഗ് ലഭിച്ച് സ്ട്രക്ച്ചറൽ രൂപകല്പന നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് സാധാരണ ഗതിയിൽ മൂന്നുമാസം വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത് . എന്നാൽ ചില അസാധാരണ സാഹചര്യങ്ങൾ മൂലവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് 3 മാസത്തേക്കാൾ കൂടുതൽ സമയം നിലവിൽ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ